## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 954      11.06.2014-ൽ മറുപടിയ്ക്ക്

# തെരെഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കെയുള്ള ഹൈഡൽ ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) തെരെഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കെ ഹൈഡൽ ടൂറിസം വകുപ്പിൽ നിയമനം നടത്തിയിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) എങ്കിൽ തെരെഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട് നിലനിൽക്കുമ്പോൾ നിയമനം നടത്തിയത് ശരിയാണോ ; | (ബി) ബാധകമല്ല. |
| (സി) ഹൈഡൽ ടൂറിസം വകുപ്പിൽ സതീഷ്കുമാർ എന്നയാളെ അസിസ്റ്റൻറ് കാഷ്യറായി നിയമിച്ചത് ഏത് മാനദണ്ഡം അനുസരിച്ചാണെന്നറിയിക്കുമോ ; | (സി) ഹൈഡൽ ടൂറിസം സെൻററിൽ ശ്രീ. സതീഷ് കുമാർ എന്നയാളെ 5250/- രൂപ പ്രതിമാസം ഓണറേറിയം നൽകി വോളൻറിയറായി താൽക്കാലിക അടിസ്ഥാനത്തിൽ 13-02-2014 മുതൽ സേവനം നടത്തുവാൻ അനുമതി നൽകിയിട്ടുള്ളതാണ്. ഇദ്ദേഹം 14-05-2014 മുതലാണ് ജോലി ചെയ്ത് വരുന്നത്. 24-02-2014-ൽ ഹൈഡൽ ടൂറിസം സെൻററിൻെറ പുതിയ യൂണിറ്റായ ശെങ്കുളം സെൻറർ ആരംഭിച്ചതിനാൽ ജോലിക്കാരുടെ അഭാവത്തിലാണ് ശ്രീ. സതീഷ് കുമാറിനെ താൽക്കാലികമായി നിയമിച്ചിട്ടുള്ളത്. |
| (ഡി) ഇത്തരത്തിൽ നിയമനം നടത്തിയത് സർക്കാരിൻെറ അറിവോടെയാണോ ; നിയമനം നടത്തിയതിൻെറ നടപടിക്കുറിപ്പുകൾ ലഭ്യമാക്കുമോ ; | (ഡി) സേവന സന്നദ്ധരെ കണ്ടെത്തി, ഹൈഡൽ ടൂറിസം സൊസൈറ്റി നേരിട്ടാണ് നിയമനം നടത്തിയത്. |
| (ഇ) പ്രസ്തുത നിയമനം നടത്താൻ സർക്കാർ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; | (ഇ) ഹൈഡൽ ടൂറിസം സൊസൈറ്റിയുടെ ദൈനംദിന നടത്തിപ്പിനും സുരക്ഷയ്ക്കും ആവശ്യമായ ജീവനക്കാരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കേണ്ട ചുമതല ഹൈഡൽ ടൂറിസം ഡയറക്ടറിൽ നിക്ഷിപ്തമാണ്. |

(എഫ്) എങ്കിൽ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ;

(എഫ്) ഹൈഡൽ ടൂറിസം സൊസൈറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾ മുടങ്ങാതിരിക്കുവാൻ വേണ്ടിയാണ് സേവന സന്നദ്ധരായ ഇത്തരം വോളന്റിയേഴ്സിനെ നിയമിക്കുന്നത്.

(ജി) ഇത്തരത്തിൽ നിയമനം നടത്തിയ ഡയറക്ടർക്ക് എതിരെ നടപടി സ്വീകരിക്കുമോ ?

(ജി) ഹൈഡൽ ടൂറിസം സെൻറർ എന്ന ഈ സൊസൈറ്റിയുടെ സുഗമമായ നടത്തിപ്പിനും, സുരക്ഷയ്ക്കുര് ഇത്തരം താൽക്കാലിക വോളന്റിയേഴ്സിനെ അനുവദിക്കപ്പെട്ടിരിക്കുന്ന ഓണറേറിയം നൽകി നിയമിക്കുക എന്നത് ഹൈഡൽ ടൂറിസം സെൻററിന്റെ ഡയറക്ടറുടെ ചുമതലയാണ്.

**സെക്ഷൻ ഓഫീസർ.**